ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറക്റ്ററുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. ICT Cell/1771/4/ HSE/2018 11/06/2018

# ഹയർസെക്കൻഡറി ഏകജാലകപ്രവേശനം 2018

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

ഈ വർഷത്തെ പ്ലസ്‌വൺ പ്രവേശനത്തിൻെറ ആദ്യ അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. FIRST ALLOTMENT RESULTS എന്ന ലിങ്കിലൂടെ അലോട്ട്മെൻറ് റിസൽട്ട് പരിശോധിക്കാവുന്നതാണ്. അപേക്ഷിച്ച ജില്ലയും ,അപേക്ഷാനമ്പറും ,ജനനത്തീയതിയും രേഖപ്പെടുത്തി സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ദൃശ്യമാകുന്ന സ്ക്രീനിൽ നിന്നും അലോട്ട്മെൻറ് റിസൽട്ടിനെ സംബന്ധിച്ച വിവരം മനസ്സിലാക്കാവുന്നതാണ്. അലോട്ട്മെൻറ് ലഭിച്ചവർ പ്രസ്തുത പേജിൽ നിന്നും അലോട്ട്മെൻറ് ലിസ്റ്റ് എടുക്കുന്ന ലിങ്കിലൂടെ രണ്ട് പേജുള്ള അലോട്ട്മെൻറ് ലെറ്റർ ഒരു പേജിൻെറ രണ്ടു വശങ്ങളിലായി പ്രിൻറ് എടുത്തു വേണം അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടത്.

ആദ്യലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം **ജൂൺ 12, 13** തീയതികളിലായി നടക്കും. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളെല്ലാം നിർബന്ധമായി അലോട്ട്മെൻറ് ലഭിക്കുന്ന സ്കൂളിൽ **ജൂൺ 13 ന് 5** മണിക്ക് മുമ്പ് പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ചിട്ടും താല്കാലിക പ്രവേശനം നേടാതിരിക്കുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. ആദ്യ അലോട്ട്മെന്റിൽ ഒന്നാമത്തെ ഓപ്ഷൻ ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. മറ്റ് ഓപ്ഷനുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് ഇഷ്ടാനുസരണം താല്കാലിക പ്രവേശനമോ സ്ഥിരപ്രവേശനമോ നേടാം. താല്ക്കാലിക പ്രവേശനത്തിന് ഫീസടക്കേണ്ടതില്ല. താല്ക്കാലികപ്രവേശനം നേടുന്നവർക്ക് ആവശ്യമെങ്കിൽ തെരഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായി റദ്ദാക്കുകയും ചെയ്യാവുന്നതാണ്. ഇതിനുള്ള അപേക്ഷയും പ്രവേശനം നേടുന്ന സ്കൂളിലാണ് നൽകേണ്ടത്. ആദ്യ അലോട്ട്മെന്റിൽ ഇടം നേടാത്തവർ അടുത്ത അലോട്ട്മെന്റുകൾക്കായി കാത്തിരിക്കുക. വിദ്യാർത്ഥികൾക്ക് തങ്ങൾ അപേക്ഷിച്ച ഓരോ സ്കൂളിലെയും കാറ്റഗറി തിരിച്ചുള്ള അവസാന റാങ്ക് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

അലോട്ട്മെൻറ് ലെറ്ററിൻെറ ഒന്നാമത്തെ പേജിൽ ഹാജരാക്കുന്ന രേഖകളുടെ വിവരങ്ങളും പഠനത്തിനായി തിരഞ്ഞെടുക്കുന്ന രണ്ടാം ഭാഷയും രേഖപ്പെടുത്തി വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പ് വച്ചിരിക്കണം. യോഗ്യതാ സർട്ടിഫിക്കറ്റ്, വിടുതൽ സർട്ടിഫിക്കറ്റ്

,സ്വഭാവ സർട്ടിഫിക്കറ്റ് ,ബോണസ് പോയിൻറ്, ടൈ ബ്രേക്ക് എന്നിവ അവകാശപ്പെട്ടിട്ടുള്ളവർ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കണം. **യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും ലഭ്യമാകാത്ത വിദ്യാർത്ഥികൾക്കു അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ ജൂൺ 20 വരെ സമയം** അനുവദിക്കുന്നതാണ്. **പ്രവേശനത്തിനായി വിദ്യാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തിയ സമർപ്പിക്കുന്ന യോഗ്യത തെളിയിക്കുന്ന പകർപ്പുകൾ സ്വീകരിക്കാവുന്നതാണ്.** ആവശ്യമെങ്കിൽ സ്കൂൾ അധികൃതർ ഔദ്യോഗിക വെബ്സൈറ്റിലൂടെ പ്രസ്തുത റിസൾട്ടിൻെറ സാധുത ഉറപ്പാക്കുന്നതാണ്. പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റിൻെറയും സ്വഭാവ സർട്ടിഫിക്കറ്റിൻേറയും അസ്സൽ നിർബന്ധമായും ഹാജരാക്കിയിരിക്കണം.

പ്രായപരിധി ഇളവ് വേണ്ടുന്നവർ പ്രോസ്പക്ടസിൽ പ്രതിപാദിക്കുന്ന തരത്തിലൂള്ള ഉത്തരവുകളുടെ അസ്സൽ ഹാജരാക്കണം.*(അപേക്ഷകർക്ക് 2018 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കവിയാൻ പാടില്ല. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയില്ല. മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയിലും, ഉയർന്ന പ്രായപരിധിയിലും ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് അധികാരമുണ്ട്. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ട്. പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിൽപെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായ പരിധിയിൽ രണ്ട് വർഷം വരെ ഇളവ് അനുവദിക്കും. അന്ധരോ, ബധിരരോ, ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരോ ആയവർക്ക് ഇരുപത്തിയഞ്ച് വയസ് വരെ അപേക്ഷിക്കാം.*

വിഭിന്ന ശേഷി വിഭാഗത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്നു തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റും ജില്ലാതല കൗൺസലിങ് സർട്ടിഫിക്കറ്റും ഹാജരാക്കണം.

ഫീസാനുകൂല്യം ലഭിക്കുന്ന വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ഒഴികെ മറ്റ് വിദ്യാർത്ഥികൾ പ്രോസ്പക്ടസിൽ പ്രതിപാദിക്കുന്ന തരത്തിലൂള്ള ഫീസ് സ്ഥിര പ്രവേശനം നേടുന്ന അവസരത്തിൽ അടക്കണം.

ഫീസ് ഘടന

| ഇനങ്ങൾ | സയൻസ് ഗ്രൂപ്പ് | ഹ്യൂമാനിറ്റീസ്/ കോമേഴ്സ് ഗ്രൂപ്പുകൾ |
|---|---|---|
| 1 അഡ്മിഷൻ ഫീസ് | **50** രൂ | **50** രൂ |
| 2 ലൈബ്രറി ഫീസ് | **25** രൂ | **25** രൂ |
| 3 കലണ്ടർ ഫീസ് | **25** രൂ | **25** രൂ |

| | | |
|---|---|---|
| 4 വൈദ്യ പരിശോധനാ ഫീസ് | 25 രൂ | 25 രൂ |
| 5 ഓഡിയോ വിഷ്വൽ യൂണിറ്റ് ഫീസ് | 30 രൂ | 30 രൂ |
| 6 സ്പോർട്സ് & ഗെയിംസ് ഫീസ് | 50 രൂ | 50 രൂ |
| 7 സ്റ്റേഷനറി ഫീസ് | 25 രൂ | 25 രൂ |
| 8 അസോസിയേഷൻ ഫീസ് | 25 രൂ | 25 രൂ |
| 9 യൂത്ത് ഫെസ്റ്റിവൽ ഫീസ് | 50 രൂ | 50 രൂ |
| 10 മാഗസിൻ ഫീസ് | 25 രൂ | 25 രൂ |
| 11കോഷൻ ഡിപ്പോസിറ്റ് | 150 രൂ | 100 രൂ |
| 12 ലാബറട്ടറി ഫീസ് | ലാബറട്ടറി സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |
| 13 കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | കമ്പ്യൂട്ടർ സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |

***സ്കൂൾ ഫീസ്, പി.റ്റി.എ. ഫണ്ട് തുടങ്ങിയവ അടച്ചുകഴിഞ്ഞാൽ സ്കൂളധികൃതരിൽ നിന്നും ഇവയ്ക്കുള്ള രസീതുകൾ ചോദിച്ചു വാങ്ങേണ്ടതാണ്. പി.റ്റി. എ. ഫണ്ട് GO(MS)No. 126/2007/Gen.Edn. dated 25.06.2007 എന്ന സർക്കാർ ഉത്തരവ് പ്രകാരം ശേഖരിച്ച് സംഭാവന നൽകിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും തുകയും സ്കൂൾ നോട്ടീസ്ബോർഡിൽ പ്രിൻസിപ്പൽ പ്രദർശിപ്പിക്കേണ്ടതാണ്.***

സാമുദായിക സംവരണം പരിശോധിക്കുന്നതിന് SSLC ബുക്കിലെസമുദായവിവരങ്ങൾ മതിയാകും. എന്നാൽSSLC ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവരമാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ നൽകിയിട്ടുള്ളതെങ്കിൽ **വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കണം.SC/ST/OEC വിദ്യാർത്ഥികൾ റവന്യൂ അധികൃതർ നൽകിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം. അനുബന്ധം 3 ൽ ഉൾപ്പെട്ട ഒ.ബി.എച്ചിലെ വിഭാഗക്കാർ റവന്യൂ അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ മാത്രമേ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ.**

**ഭാഷാന്യൂനപക്ഷമാണെങ്കിൽ ആ വിവരം എസ്.എസ്.എൽ.സി. യിൽ മാതൃഭാഷയുടെ കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. അല്ലാത്ത പക്ഷം സർട്ടിഫിക്കറ്റ് ഹാജരാക്കണം..**

താമസിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും താലൂക്കിന്റെയും പേരിൽ ബോണസ് പോയിന്റുകൾ ലഭിക്കുന്നവർ SSLC ബുക്കിൽ ആ വിവരങ്ങളുണ്ടെങ്കിൽ മറ്റ്സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല. അല്ലാത്ത പക്ഷം റേഷൻ കാർഡിന്റെ പകർപ്പോ നേറ്റിവിറ്റി സർട്ടിഫിക്കറ്റോ ഹാജരാക്കണം.

എൻ.സി.സി ക്ക് 75 ശതമാനം ഹാജരുണ്ടെന്ന സർട്ടിഫിക്കറ്റ് നിർബന്ധമാണ്. പുരസ്കാർ ലഭിച്ചുട്ടുണ്ടെങ്കിൽ മാത്രം സ്കൗട്ട് വിഭാഗത്തിൽ ബോണസ് പോയിൻറിന് അർഹതയുണ്ടാകും.

നീന്തൽ അറിവിനുള്ള 2 ബോണസ് പോയിൻറ് ലഭിക്കുന്നതിന് അപേക്ഷകൻ താമസിക്കുന്ന കോർപറേഷൻ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള സ്പോർട്സ് കൗൺസിലുകൾ നീന്തൽ പരിശീലനം നൽകി പ്രസ്തുത സ്പോർട്സ് കൗൺസിലുകൾ നൽകുന്ന സർട്ടിഫിക്കറ്റ ഹാജരാക്കിയിരിക്കണം. **അല്ലെങ്കിൽ** കോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത്തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ നീന്തൽ അറിവിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുള്ളതിനാൽ ടി സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം..

സ്റ്റുഡൻറ് പോലിസ് കേഡറ്റുകൾ(GO(No) 214/2012/Home dated 04/08/2012 വിവക്ഷിച്ച മാതിരി സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം..

ടൈ ബ്രേക്കിന് പോയിൻറ് നൽകുന്ന ഇനങ്ങളിൽ NTSE ഒഴികെയുള്ളവ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് പങ്കെടുത്തവയായിരിക്കണം. NTSE ക്ക് പോയിൻറ് ലഭിക്കാൻ എട്ടാം ക്ലാസ്സിൽ അല്ലെങ്കിൽ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് SCERT യോ NCERT യോ നൽകിയ സർട്ടിഫിക്കറ്റ് മതി.

അലോട്ട്മെൻ്റ് ലഭിക്കുന്ന വിദ്യാർത്ഥികളെല്ലാം നിശ്ചിത സമയത്തിനുള്ളിൽ സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകേണ്ടതാണ്.

**ഡയറക്ടർ**